(3) നേര്യമംഗലം എക്സ്റ്റൻഷൻ - 25 മെഗാവാട്ട്

(4) ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി - 85 മെഗാവാട്ട്

മുതലായവയും പട്ടിക 1-ൽ കൊടുത്തിരിക്കുന്ന ചെറുകിട ജല വൈദ്യുത പദ്ധതികളും.

11 (*337) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സുരക്ഷാ ഇൻഷുറൻസ്

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അസംഘടിത മേഖലയിലെ തൊഴിലാളികൾ അപകടത്തിൽപെട്ടു മരിക്കുന്ന സാഹചര്യത്തിൽ മതിയായ ആനുകൂല്യം ആശ്രിതർക്ക് ലഭിക്കുന്നില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്യാന്റീനിലോ ഇടത്തരം ഹോട്ടലിലോ തൊഴിലാളികൾക്ക് തീപ്പൊള്ളലേറ്റ് മരണമുണ്ടായാൽ നിലവിൽ ഇൻഷുറൻസോ മറ്റാനുകൂല്യങ്ങളോ ലഭിക്കുമോ;

(സി) പണിയെടുക്കുന്ന എല്ലാ തൊഴിലാളികൾക്കും ഇൻഷുറൻസ് പരിരക്ഷ ലഭിക്കുവാനുതകുന്ന ഒരു പദ്ധതി ആവിഷ്കരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) തൊഴിലുടമ ഏതെങ്കിലും ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ അതനുസരിച്ചുള്ള ആനുകൂല്യം തൊഴിലാളിക്ക് ലഭിക്കുന്നതാണ്. ഇതിനു പുറമെ 1923-ലെ വർക്ക്മെൻസ് കോമ്പൻസേഷൻ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുവാനും അർഹതയുണ്ട്.

(സി) അസംഘടിത മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കുവേണ്ടി ഒരു ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി ആവിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത് സർക്കാർ പ്രഖ്യാപിച്ച ലേബർ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

12 (*338) വൈദ്യുതി മോഷണം തടയുന്നതിന് നടപടി

ശ്രീ. എളമരം കരീം :

ശ്രീ. ലോനപ്പൻ നമ്പാടൻ :

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മീറ്ററുകളിൽ കൃത്രിമം കാണിച്ച് വൈദ്യുതി മോഷണം നടത്തുന്നതിനെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) കേടായ മീറ്ററുകളും കൃത്രിമം നടത്തുന്ന മീറ്ററുകളും മാറ്റി പകരം പുതിയ മീറ്ററുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) വൈദ്യുതി മോഷണം തടയുന്നതിന് ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം വിപുലീകരിക്കുമോ;

(ഇ) ഇത് സംബന്ധമായി കേസ്സുകൾ തീർപ്പാക്കാൻ സ്വീകരിച്ച നടപടി എന്തെന്ന് വെളിപ്പെടുത്തുമോ;

(എഫ്)വൈദ്യുതി മോഷണത്തിന് വകുപ്പിലെ ഉദ്യോഗസ്ഥർ കൂട്ടു നിൽക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തിൽ എത്ര ജീവനക്കാരുടെ പേരിൽ ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ട്?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയുന്നതിന് നിലവിലുണ്ടായിരുന്ന ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. വൈദ്യുതി മോഷണം തടയുന്നതിനുവേണ്ടി കോഴിക്കോട്ടും കോട്ടയത്തും ഓരോ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ അധീനതയിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് മോഷണം കണ്ടെത്തുന്നതിനും മറ്റ് അന്വേഷണങ്ങൾക്കും നേതൃത്വം നല്കിവരുന്നു. കൂടാതെ വൈദ്യുതി മോഷണം സംബന്ധിച്ച വിവരം അതാതു സ്ഥലങ്ങളിലെ ഇലക്ട്രിസിറ്റി ഓഫീസുകളിലെ ജീവനക്കാർ നേരിട്ട് മനസ്സിലാക്കുകയോ, ആരെങ്കിലും വിവരം അറിയിക്കുകയോ ചെയ്താൽ ഉടനെ പരിശോധിച്ച് തുടർ നടപടികൾ കൈക്കൊണ്ട് വരുന്നുണ്ട്. എനർജി ഓഡിറ്റ് സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചതും വൈദ്യുതി മോഷണം തടയുക എന്ന ലക്ഷ്യത്തോടെയാണ്.

(ബി) വൈദ്യുതി മോഷണം ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ഘട്ടംഘട്ടമായി സ്വീകരിക്കുന്നതാണ്.

(സി) ഘട്ടം ഘട്ടമായി പുതിയ മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഇ) എല്ലാ ജില്ലകളിലും ഇത്തരം കേസുകളടക്കമുള്ള ബോർഡിന്റെ കേസുകൾ കൈകാര്യം ചെയ്യുന്നതിന് അഭിഭാഷകരെ നിയമിച്ചിട്ടുണ്ട്. പരിശോധനാ സമയം മുതൽ തന്നെ മോഷണസംബന്ധമായ തെളിവുകൾ ബോർഡിലെ ഉദ്യോഗസ്ഥർ ശേഖരിച്ച് കർശന നടപടികൾക്കായി കോടതിയിൽ സമർപ്പിച്ച് കേസുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്)&(ജി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വ്യക്തമായ പരാതികൾ ലഭിക്കുന്ന പക്ഷം, യുക്തമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly